# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം-10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ-മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


തിരുവനന്തപുരം **പത്രക്കുറിപ്പ്** 2010 ജൂലൈ 30

## വൈദ്യുതി ഉപഭോക്തൃസമിതി രൂപീകരണം: റെഗുലേറ്ററി കമ്മീഷൻ അപേക്ഷ ക്ഷണിച്ചു.

വൈദ്യുതി ഉപഭോക്താക്കളുടെ താൽപ്പര്യങ്ങൾക്കും അവകാശങ്ങൾക്കും നിർണ്ണായക സ്ഥാനം നൽകിക്കൊണ്ടാണ് 2003 ലെ കേന്ദ്ര വൈദ്യുതി ആക്ടിന് രൂപം നൽകിയിട്ടുള്ളത്. ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനുള്ള ചുമതല സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾക്കും നൽകുകയുണ്ടായി. വൈദ്യുതി മേഖലയിലെ പരിഷ്ക്കരണ നടപടികളും താരിഫ് നിർണ്ണയം ഉൾപ്പെടെയുള്ള വിഷയങ്ങളിന്മേലുള്ള ഉത്തരവുകളും രൂപപ്പെടുത്തുന്നതിൽ ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും സുപ്രധാന സ്ഥാനമാണ് റെഗുലേറ്ററി കമ്മീഷൻ നൽകി വരുന്നത്.

ഈ പ്രക്രിയ കൂടുതൽ ശക്തവും സഫലവുമാക്കുന്നതിന് മേഖലയിലെ പരിഷ്ക്കരണ നടപടികൾ ഉപഭോക്താക്കളുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കാര്യമായ അവബോധമുണ്ടാകേണ്ടതുണ്ട്. ഇതിലേക്ക്, പ്രാദേശികാടിസ്ഥാനത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ സമിതികൾ രൂപീകരിച്ച് വിപുലമായ ബോധവൽക്കരണ സെമിനാറുകളും പഠന ക്ലാസ്സുകളും സംഘടിപ്പിക്കാൻ റെഗുലേറ്ററി കമ്മീഷൻ ഉദ്ദേശിക്കുന്നു. ഇത്തരം സമിതികൾ (കൺസ്യൂമർ ഗ്രൂപ്പ്) രൂപീകരിക്കാനും ബോധവൽക്കരണ ക്ലാസ്സുകൾ ഏകോപിപ്പിക്കാനും താൽപ്പര്യമുള്ള ഉപഭോക്താക്കളും വ്യക്തികളും ഉപഭോക്തൃഫോറങ്ങളും റെസിഡന്റ്സ് അസ്സോസിയേഷനുകളും, സർക്കാരിതര സന്നദ്ധ സംഘടനകളും (എൻ.ജി.ഒ) സ്വന്തം മേൽവിലാസവും ഫോൺ നമ്പരും, ഇ-മെയിൽ വിലാസവും ഉൾപ്പെടുത്തി 2010 ആഗസ്റ്റ് 31 ന് മുമ്പായി സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം എന്ന വിലാസത്തിലോ kserc@erckerala.org എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

**സെക്രട്ടറി**

KSERC/PR/15/2010